## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6482 — 09.07.2014-ൽ മറുപടിയ്ക്ക്

## ചടയമംഗലം നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | ചടയമംഗലം നിയോജക മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതു പരിഹരിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ അറിയിക്കുമോ ? | (ബി) | ചടയമംഗലം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ നിലവിൽവന്നതിനുശേഷം 12.78 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുകയും 12 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 19.12 കിലോമീറ്റർ കൺവേർഷൻ പ്രവൃത്തികളും 99.16 കിലോമീറ്റർ റീകണ്ടക്ടറിംഗ് പ്രവൃത്തികളും ചെയ്തിട്ടുണ്ട്. 2014-15 വാർഷിക പദ്ധതിയിൽ 6.95 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മാണവും പുതിയ 8 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും 10.2 കിലോമീറ്റർ കൺവേർഷൻ പ്രവൃത്തികളും 50 കിലോമീറ്റർ റീകണ്ടറിംഗ് പ്രവൃത്തികളും ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>പ്രസരണ വിഭാഗത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ആയൂർ 66 കെ.വി. സബ്സ്റ്റേഷൻ, 110 കെ.വി. ആക്കി ഉയർത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>2. 33 കെ.വി. കടയ്ക്കൽ സബ്സ്റ്റേഷനിൽ ഒരു 5 എം.വി.എ., 33/11 കെ.വി. ട്രാൻസ്ഫോർമർ വച്ച് സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**